സദ്ഗുരു ശ്രീ സായിബാബയുടെ

# മഹാ സമാധി ശതാബ്ദി

2018 ഒക്ടോബർ 9 മുതൽ 20 വരെ



## ശ്രീ സായിബാബ മിഷൻ

കല്ലായ് റോഡ്, കോഴിക്കോട് രജി. നമ്പർ: 49/1975

ഫോൺ 0495 2303304 web: www.srishirdisaibabamissioncalicut.com

## ഓം ശ്രീ സായിറാം

ധന്യാത്മൻ,

സദ്ഗുരു ശ്രീ സായിബാബയുടെ മഹാസമാധി ശതാബ്ദി ദിനാചരണ പരിപാടികൾ 2018 ഒക്ടോബർ 9 മുതൽ ആരംഭിച്ച് ഒക്ടോബർ 20 വരെ 12 ദിവസങ്ങളിൽ വിവിധ പരിപാടികളോടെ നടത്തപ്പെടുകയാണ്. തന്റെ ഭൗതിക ശരീരം ഉപേക്ഷിച്ചെങ്കിലും തന്നിൽ വിശ്വാസമർപ്പിച്ചവർക്ക് ശ്രീ സായിബാബ ശാന്തിയും, സമാധാനവും നൽകി വരുന്നു. ഞാൻ നിങ്ങളോടൊപ്പമില്ലെന്ന് കരുതി വ്യസനിക്കരുത്. എന്റെ അസ്ഥികൾ നിങ്ങളുമായി സംസാരിക്കുന്നതും കുശലങ്ങൾ അന്വേഷിക്കുന്നതും നിങ്ങൾക്ക് കേൾക്കാം. " If you look to me Ilook to you " "എന്നെ നിങ്ങൾ നോക്കിയാൽ ഞാൻ നിങ്ങളെയും നോക്കും".

ഈ വചനങ്ങൾ ഇന്നും ശരിയാണെന്ന് ഭക്ത സാഹസ്രങ്ങളുടെ അനുഭവം സാക്ഷ്യപ്പെടുത്തുന്നു. 1918 ഒക്ടോബർ മാസം (1840ശകമാസം) ഉച്ചയ്ക്ക് 2.18 നായിരുന്നു ബാബയുടെ സമാധി സമയം. ആയതിനാൽ സമാധിയോട് അനുബന്ധിച്ച് നടക്കുന്ന വിവിധ പരിപാടികളിലും അതോടൊപ്പം 2018 ഒക്ടോബർ 20 ന് ഉച്ചയ്ക്ക് നടക്കുന്ന സമൂഹ പ്രാർത്ഥനയിലും വൈകുന്നേരം നടക്കുന്ന നഗര പ്രദക്ഷിണത്തിലും ഭക്തജനങ്ങൾ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

| | | |
|---|---|---|
| പ്രസിഡണ്ട് | ഖജാൻജി | സെക്രട്ടറി |
| പി. നാഗരത്നൻ | എ. വിജയൻ | വി. സഹദേവൻ |
| 9400911501 | 9744824482 | 9847906125 |


# മഹാ ശതാബ്ദിദിന പരിപാടികൾ

**09 - 10 - 2018 ചൊവ്വ**

| | | |
|---|---|---|
| പുലർച്ച 5 മണി | : | അഷ്ടദ്രവ്യ ഗണപതി ഹോമം |
| രാവിലെ 5.30 ന് | : | നഗര സകീർത്തനം |
| രാവിലെ 8 മണി | : | ബാബക്ക് വസ്ത്രം സമർപ്പണം |
| തുടർന്ന് വിശേഷാൽ പൂജ | | |
| വൈകുന്നേരം 5 മണി | : | ഉദ്ഘാടന പരിപാടികൾ |
| സ്വാഗതം | : | വി. സഹദേവൻ ( സെക്രട്ടറി) |
| അദ്ധ്യക്ഷൻ | : | പി. നാഗരത്നൻ ( പ്രസിഡണ്ട്) |
| ഉദ്ഘാടനം | : | **ശ്രീ. എം കെ. രാഘവൻ** (Member of Parliament) |
| മുഖ്യാതിഥി | : | **മീര ദർശക്** (ഡെപ്യൂട്ടിമെയർ) |
| അനുഗ്രഹ പ്രഭാഷണം | : | **ബ്രഹ്മചരി വിവേകാമൃത ചൈതന്യ** (മാതാ അമൃതാനന്ദമയി മഠം, കോഴിക്കോട്) |







- **ഹൈമനാരായണൻ കിടാവ് വിദ്യാഭ്യാസ എൻഡോവ്മെന്റ്** ചാലപ്പുറം ഗവ : ഗണപത് ഗേൾസ് ഹയർ സെക്കണ്ടറി സകൂൾ, സാമൂതിരി സെക്കണ്ടറി സ്കൂൾ.
- **കമലാദേവി വിദ്യാഭ്യാസ എൻഡോവ്മെന്റ്** തളി യു.പി. സ്കൂൾ
- ഫറോക്ക് ബഡ്സ് സ്കൂളിലെ ബിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നു.
- വൃദ്ധരായ രോഗികൾക്കുള്ള സഹായം നൽകൽ
- ശ്രീ സായിബാബ മന്ദിരത്തിലെ മുൻകാലപ്രവർത്തകരെയും മന്ദിരത്തിൽ സേവനം നടത്തുന്ന ഡോക്ടർമാരെയും ആദരിക്കുന്നു

നന്ദി : മുരളീധരൻ വി. പി (വൈസ് പ്രസിഡണ്ട്)

| | | |
|---|---|---|
| വൈകിട്ട് 6.30 മുതൽ 9.00 വരെ | : | ഇന്റിമേറ്റ്സ് കോഴിക്കോട് നടത്തുന്ന **ഭക്തിഗാനമേള** |




**10 - 10 - 2018 ബുധൻ**

| | | |
|---|---|---|
| രാവിലെ 8 മണിക്ക് | : | വിശേഷാൽ പൂജ |
| വൈകിട്ട് 5.00 മുതൽ 7.00 വരെ | : | യുഗേഷ് ഭാസ്ക്കർ അവതരിപ്പിക്കുന്ന **ഭക്തിഗാന സുധ** |
| 7.00 മുതൽ 9.00 വരെ | : | **പ്രമോദ് ഐക്കരപ്പടി** നടത്തുന്ന **പ്രഭാഷണം** |
| വിഷയം | : | ആത്മീയവും അവതാര പുരുഷനും |

**11 - 10 - 2018 വ്യാഴം**

രാവിലെ 8 മണിക്ക് : വിശേഷാൽ പൂജ

വൈകിട്ട് 5.00 മുതൽ 9.00 വരെ : കെ.വി എസ് ബാബു & പാർട്ടി അവതരിപ്പിക്കുന്ന **സംഗീത കച്ചേരി & ഭക്തിസുധ**

**12 - 10 - 2018 വെള്ളി**

രാവിലെ 8 മണിക്ക് : വിശേഷാൽ പൂജ

വൈകിട്ട് 5.00 മുതൽ 6.30 വരെ : അനിൽ ബാബു & പാർട്ടി അവതരിപ്പിക്കുന്ന **ഭജന**

വൈകിട്ട് 6.30 മുതൽ 9.00 വരെ : നാദലയം **ഫ്യൂഷൻ ബാന്റ് പ്രോഗ്രാം**

Nadhalayam Fusion Band

**13 - 10 - 2018 ശനി**

രാവിലെ 8 മണിക്ക് : വിശേഷാൽ പൂജ

വൈകിട്ട് 5.00 മുതൽ 6.30 : കൃഷ്ണകൃപ ഭജന സംഘം നടത്തുന്ന **ഭജന**

വൈകിട്ട് 6.30 മുതൽ 9.00 വരെ : നൃത്തകലാമന്ദിർ നൃത്താലയത്തിലെ വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന **നൃത്തനൃത്ത്യങ്ങൾ**
ലാമിയ & പാർട്ടി അവതരിപ്പിക്കുന്ന **ഒപ്പന**

**14 - 10 - 2018 ഞായർ**

രാവിലെ 8 മണിക്ക് : വിശേഷാൽ പൂജ

വൈകിട്ട് 5.00 മുതൽ 6.00 വരെ : **സോപാനസംഗീതം** സുനിൽ വടകര ആലാപനം,
ഇടയ്ക്ക സതീശൻ വടകര

വൈകിട്ട് 6.00 മുതൽ 9.00 വരെ : **സായി സിംഫണി കണ്ണൂർ** അവതരിപ്പിക്കുന്ന ഭജന

**15 - 10 - 2018 തിങ്കൾ**

രാവിലെ 8 മണിക്ക് : വിശേഷാൽ പൂജ

വൈകിട്ട് 5.00 മുതൽ 6.30 വരെ : **സംഗീതകച്ചേരി** സുനിത & പാർട്ടി

വൈകിട്ട് 6.30 മുതൽ 9.00 വരെ : അരങ്ങ് കൊയിലാണ്ടി അവതരിപ്പിക്കുന്ന **നാടൻപാട്ടും ദൃശ്യാവിഷ്കാരവും**

**16 - 10 - 2018 ചൊവ്വ**

രാവിലെ 8 മണിക്ക് : വിശേഷാൽ പൂജ

വൈകിട്ട് 5.00 മുതൽ 6.30 വരെ : **വാമൊഴിയാട്ടം** എം. ആർ ബാലൻ

വൈകിട്ട് 6.30 മുതൽ 9.00 മണി വരെ : **നൃത്തസന്ധ്യ** സമുദ്ര ക്ലാസ്സിക്കൽ പെർഫോർമിംഗ് ആർട്സ്

**17- 10 - 2018 ബുധൻ**

രാവിലെ 8 മണി : വിശേഷാൽ പൂജ

വൈകിട്ട് 5.00 മുതൽ 6.30 വരെ : ശോഭന ജഗദീഷ് & പാർട്ടി നടത്തുന്ന **ഭജന**

വൈകിട്ട് 6.30 മുതൽ 9.00 വരെ : മിലേനിയം സ്റ്റാർസ് ( പട്ടുറുമാൽ ഫെയിം) അവതരിപ്പിക്കുന്ന **മ്യൂസിക്കൽ ഷോ**




**18- 10 - 2018 വ്യാഴം**

രാവിലെ 8 മണി : വിശേഷാൽ പൂജ

വൈകിട്ട് 5.00 മുതൽ 6.30 വരെ : **പ്രഭാഷണം & ഭജന** കെ. പി രാമചന്ദ്രൻ സത്യസായി സേവാ സമിതി ചാലപ്പുറം

വൈകിട്ട് 6.30 മുതൽ 9.00 വരെ : ടീം കാലികട്ടൻസ് നടത്തുന്ന **മിമിക്സ് പ്രോഗ്രാം**




**19- 10 - 2018 വെള്ളി**

രാവിലെ 8 മണി : വിശേഷാൽ പൂജ

വൈകിട്ട് 5.00 മുതൽ 6.30 വരെ : അനുപ്രിയ & പാർട്ടി നടത്തുന്ന ഭജന

വൈകിട്ട് 6.30 മുതൽ 9.00 വരെ : എം. എസ്. ഒർകസ്ട്ര കോഴിക്കോട് ജൂനിയർ എസ്.പി. മനോജ് കുമാർ, മോഹനൻ മുല്ലമാല, അരുൺ കുമാർ & റോഷ്ണി രൂപേഷ്അവതരിപ്പിക്കുന്ന ഗാനമേള



**20- 10 - 2018 ശനി**

# മഹാസമാധി

രാവിലെ 5.30 ന് : നഗര സകീർത്തനം

9.30 മുതൽ 11.30 വരെ : ചോലക്കൽ വാദ്യസംഘം അവതരിപ്പിക്കുന്ന മേളം

ഉച്ചക്ക് 1 മണിക്ക് : സമൂഹ പ്രാർത്ഥന

**ഉച്ചക്ക് 2.18 ന് : സമാധി പൂജ**

വൈകുന്നേരം 5 മണിക്ക് : നഗര പ്രദക്ഷിണം കല്ലായ് റോഡ്, പാളയം റോഡ്, ഒയിറ്റി റോഡ്, മുതലകുളം റോഡ് വഴി താഴെ പാളയം മാരിയമ്മൻ കോവിൽ ജൂബിലി ഹാൾ വഴി കല്ലായ് റോഡിൽ പ്രവേശിച്ച് മന്ദിരത്തിൽ എത്തിച്ചേരുന്നു.

നഗര പ്രദക്ഷിണത്തിൽ പങ്കെടുക്കുന്ന സ്ത്രീകളും കുട്ടികളും 4 മണിക്ക് മുമ്പായി മന്ദിരത്തിൽ എത്തി ചേരേണ്ടതാണ്. എല്ലാ ദിവസവും രാത്രി 8 മണിക്ക് ആരതി 9 മണിക്ക് മംഗളാരതി.

**9.10.2018 – 20.10.2018 ന് തിയ്യതികളിൽ നടക്കുന്ന നഗര സങ്കീർത്തനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ രാവിലെ 5.15 ന് മുൻപായി മന്ദിരത്തിൽ എത്തിച്ചേരേണ്ടതാണ്.**

**എല്ലാദിവസവും ഉച്ചക്ക് അന്നദാനം ഉണ്ടായിരിക്കുന്നതാണ്. എല്ലാ ശനിയാഴ്ചകളിലും സൗജന്യ മെഡിക്കൽ ക്യാമ്പ് വിദഗ്ദ ഡോക്ടർമാരുടെ സേവനവും ലഭിക്കുന്നതാണ്.**




# സായിബാബ മന്ദിരം

## പിന്നിട്ട നാൾ വഴികൾ

1947 ൽ സായ്ദാസ് എം കണ്ണൻ എന്ന സായി ഭക്തനായ പട്ടാളക്കാരൻ തന്റെ സേവനകാലം കഴിഞ്ഞ് കോഴിക്കോട് മടങ്ങി വരുമ്പോൾ കൈവശം കരുതിയിരുന്ന ബാബയുടെ ഒരു ഫോട്ടോ വീട്ടിൽ വെച്ച് ആരാധന തുടങ്ങിയപ്പോൾ അദ്ദേഹം പോലും കരുതിയിരിക്കില്ല കേരളത്തിലെ ആദ്യത്തെ സായി മന്ദിരത്തിനാണ് താൻ തുടക്കമിടുന്നതെന്ന് ഇപ്പോഴത്തെ മന്ദിരത്തിനടുത്ത് ആദ്യമായി അല്ലാച്ചി പറമ്പത്ത് രാരിച്ചൻ എന്ന മാന്യവ്യക്തിയുടെ പറമ്പിൽ ഒറ്റമുറിയിൽ ആദ്യമായ് ഒരു മന്ദിരം സ്ഥാപിച്ചു. പിന്നീട് ഇന്നത്തെ മന്ദിരം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് 3 സെന്റ് സ്ഥലം കുന്നിക്കൽ നാരായണൻ എന്ന മാന്യവ്യക്തി ദാനം ചെയ്യുകയും അവിടെ പിന്നീട് എല്ലാവരും ബഹുമാനപുരസ്സരം വിളിച്ചുവന്ന 'കണ്ണൻച്ചൻ' ഒരു ചെറിയ മന്ദിരത്തിന് തുടക്കമിട്ടു. എല്ലാ വ്യാഴാഴ്ചകളിലും വൈകുന്നേരങ്ങളിൽ മന്ദിരത്തിൽ ഭജന ആരംഭിക്കുകയും ഇന്നും ഇത് തുടർന്ന് വരികയും ചെയ്യുന്നു. പിന്നീട് അക്കാലങ്ങളിൽ കോഴിക്കോട്ടെ വാണിജ്യ മേഖലയിൽ സജീവമായിരുന്ന ഗുജറാത്തികളിൽ പ്രശസ്തനായ സേട്ട് കുഷിറാം അദ്ദേഹത്തിന്റെ പ്രാർത്ഥന ഫലിച്ചതിൻ പ്രകാരം ഒരു ചെറിയ ക്ഷേത്രം പണിതു നൽകുകയും പിന്നീട് ഘട്ടംഘട്ടമായ് കാലക്രേമേണ ഭക്തരുടെ നിർലോഭമായ പിന്തുണകൊണ്ടും ബാബയുടെ അനുഗ്രഹത്താലും ഇന്ന് കാണുന്ന വലിയ മന്ദിരം നിർമ്മിക്കുവാൻ കഴിഞ്ഞു. 1985 ൽ അന്ന് കോഴിക്കോട്ടെ പ്രശസ്തമായ മാവൂർ ഗോളിയോർ റയോൺസ് ചീഫ് ആർ. എൻ. സാബു നൽകിയ രാജസ്ഥാനിൽ നിന്നും കൊണ്ടുവന്ന ബാബ വിഗ്രഹമാണ് ഇന്നും ലക്ഷക്കണക്കിന് ഭക്തർ ആരാധിച്ചു വരുന്നത്.

ആദ്യകാലത്ത് നഗരത്തിലെ കച്ചവടക്കാരുടെയും പൗര പ്രമുഖരുടെയും സഹായം കൊണ്ടായിരുന്നു നിത്യപൂജക്ക് പോലും നിവൃത്തി കണ്ടിരുന്നത്. തുടക്ക കാലത്ത് തന്നെ അന്നദാനം വർഷത്തിൽ അഞ്ചോ, ആറോ ദിവസം മാത്രമേ കൊടുക്കുവാൻ കഴിഞ്ഞിരുനിനുവെങ്കിൽ ഇന്നാവട്ടെ എല്ലാ ദിവസവും അന്നദാനം നൽകാനുള്ള ഭക്ഷണം തയ്യാറാക്കുന്നതു പോലും ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചാണ്. വർഷത്തിൽ ഒന്നരലക്ഷത്തിലധികം പേർക്കെങ്കിലും വിശപ്പ്മാറ്റാൻ പ്രസാദം നൽകിവരുന്നു.

40 വർഷത്തിലധികമായ് മെഡിക്കൽ സെന്റർ മന്ദിരത്തിൽ പ്രവർത്തിച്ചു വരുന്നു. വർഷത്തിൽ സുമാർ 7500 രോഗികളെ വിദഗ്ധ ഡോക്ടർമാർ പരിശോധിച്ച് സൗജന്യമായി മരുന്നു വിതരണം ചെയ്തുവരുന്നു. കൂടാതെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ പാലിയേറ്റീവ് വിഭാഗത്തിലേക്ക് വാർഡിൽ ആവശ്യമായ ഉപകരണങ്ങൾ നിരവധി വർഷങ്ങളായ് നൽകിവരുന്നു. ഇതു കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിന് സഹായവും നൽകിവരുന്നു.

വിദ്യാർത്ഥികൾക്ക് എൻഡോവ്മെന്റും ഏർപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യങ്ങൾക്കൊന്നും രസീത് പുസ്തകം ഉപയോഗിച്ച് പിരിവ് നടത്തിയിട്ടല്ല. മറിച്ച് ബാബയുടെ അനുഗ്രഹം കൊണ്ട് ഭക്തർ മന്ദിരത്തിൽ നേരിട്ട് എത്തി നൽകുന്ന ഒരു രൂപ മുതൽ ലക്ഷങ്ങൾ വരെയുള്ള പണം ഉപയോഗിച്ചാണ് മേൽ സൂചിപ്പിച്ച മുഴുവൻ പ്രവർത്തനവും നടത്തുന്നത്.

ഇതൊക്കെ ഭൗതിക പ്രവർത്തനങ്ങളിൽ ചിലത് മാത്രമാണ്. എന്നാൽ ഇതിലൊക്കെ എത്രയോ വലുതായി മന്ദിരത്തിൽ ബാബയുടെ അടുത്ത് എത്തുന്ന ലക്ഷക്കണക്കിന് ഭക്തർക്ക് ആത്മീയ സുഖം നൽകുവാൻ കഴിഞ്ഞ വിവരം ഭക്തർ അവരുടെ അനുഭവങ്ങൾ പങ്കുവെക്കുന്നതിലൂടെ ഞങ്ങൾക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ട്.

അത്തരം പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങളും മാതൃകകളുമായ നിരവധി ബാബയുടെ അനുഗ്രഹം ലഭിച്ച ഭക്തരുണ്ട്. അവരിൽ ഓർക്കേണ്ട പേരുകളിലൊന്നാണ് മന്ദിരത്തിന്റെ ആദ്യ അമരക്കാരിൽ ഒരാളായ ഡോ. അനന്തൻ എന്ന ബാബ ഭക്തന്റേത് അതേ പോലെ ബാബയെ പറ്റിയുള്ള ചരിത്രം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ അഡ്വ. പി. സി. രാമചന്ദ്രമേനോൻ അവർകൾ അങ്ങിനെ അറിയപ്പെടുന്നവരും അല്ലാത്തവരുമായ നൂറുകണക്കിന് മുൻഗാമികളെയും ഓർത്തുകൊണ്ട് എളിയ പ്രവർത്തനങ്ങലൂടെ സമൂഹത്തിലെ നല്ലവരായ സർവ്വ മതത്തിലും പെട്ടവരുടെ ഹൃദയത്തിലിടം പിടിക്കുവാൻ ബാബയുടെ അനുഗ്രഹം കൊണ്ട് തുടർന്നും ഞങ്ങൾക്ക് കഴിയട്ടെ എന്ന് ആത്മാർത്ഥമായ ആഗ്രഹിക്കുന്നു. പ്രാർത്ഥിക്കുന്നു.....

16.10.2018 വൈകുന്നേരം

# ഗ്രന്ഥം വെയ്ക്കൽ

19.10.2018

# വിജയദശമി വിദ്യാരംഭം

രാവിലെ 6.30 മുതൽ 8.30 വരെ

# കുട്ടികളെ എഴുത്തിനിരുത്തൽ



## 10.10.2018 മുതൽ 16.10.2018

| | | |
|---|---|---|
| രാവിലെ 9 മുതൽ 10.30 വരെ | : | **സായി സത്ചരിത പാരായണം**<br>**സുകന്യ പുരുഷോത്തമൻ** |
| രാവിലെ 10.30 മുതൽ 11.30 വരെ | : | **പ്രഭാഷണം**<br>**പുരുഷോത്തമൻ മംഗലശ്ശേരി** |
| 11.30 മുതൽ 12 വരെ | : | **വേദമന്ത്രജപം, സായിവേദവാഹിനി** |

## 2018-2019 വർഷത്തെ ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | : | പി. നാഗരത്നൻ |
| വൈ.പ്രസിഡണ്ട് | : | മുരളീധരൻ. വി.പി |
| സെക്രട്ടറി | : | വി. സഹദേവൻ |
| ജോ.സെക്രട്ടറി | : | ടി.കെ ബാലകൃഷ്ണൻ |
| ഖജാൻജി | : | എ. വിജയൻ |
| എക്സിക്യൂട്ടീവ് മെമ്പർമാർ | : | കെ. സുരേഷ് ബാബു |
| | : | രാജഗോപാൽ |
| | : | കെ. സോജിത്ത് |
| | : | ടി.കെ ദിനേശ് |
| | : | സതീശൻ. കളത്തിങ്ങൽ |
| | : | കെ. മനോഹരൻ |
| | : | എം. അനിൽകുമാർ |
| | : | പി.കെ രാജൻ |
| | : | എം.പി ജനാർദ്ദനൻ |
| | : | എൻ.പി നിധീഷ് |
| | : | എൻ. മനോജ് |
| | : | അനിൽകുമാർ വയലക്കര |

OVID:9020141848